<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671</u> <u>13-02-2024 - ൽ മറുപടിയ്ക്ക്</u>

<u>കേരള സിറാമിക്സ് കമ്പനിയുടെ നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ കേരള സിറാമിക്സ് കമ്പനിയുടെ നവീകരണത്തിനായി 37,57,87,000 രൂപയും കമ്പനിയുടെ കൊല്ലം മുണ്ടക്കൽ ഉള്ള സ്ഥലം വിറ്റവകയിൽ 9,60,28,321 രൂപയും ഗവൺമെന്റ് ഫണ്ടായി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നവീകരണം ശരിയായ രീതിയിൽ നടക്കാത്തതിനാൽ കമ്പനിക്കുണ്ടായ നഷ്ടത്തെക്കുറിച്ച് വകുപ്പ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ പ്ലാന്റ് നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി.യ്ക്ക് നൽകാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടി കമ്പനിയുടെ സ്ഥലം കെ.എസ്.ഇ.ബി.യ്ക്ക് നൽകുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | അന്തിമ തീരുമാനമായിട്ടില്ല |
| (സി) | പ്രദേശത്ത് വീട് നിർമ്മാണത്തിനുള്ള നിരക്ക് സ്ക്വയർഫീറ്റിന് 1600 രൂപ ആണെന്നിരിക്കെ, കമ്പനിയ്ക്ക് ക്ലേ എടുക്കുന്നതിന് വേണ്ടി ഭൂമി വിട്ടു നൽകിയവർക്ക് 15 വീടുകൾ സ്ക്വയർഫീറ്റിന് 3600 രൂപ നിരക്കിൽ കമ്പനി നിർമിച്ചു നൽകിയിട്ടുള്ളത് കേരള സെറാമിക് എം.ഡി.യുടെ തീരുമാനപ്രകാരമാണോ; എങ്കിൽ ഇതുസംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | കേരള സ്റ്റേറ്റ് നിർമിതി കേന്ദ്ര തയ്യാറാക്കിയ ഡിസൈനും എസ്റ്റിമേറ്റും അനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് (കെൽ) ലിമിറ്റഡ് എന്ന കമ്പനിക്ക് ബോർഡ് തീരുമാന പ്രകാരം വർക്ക് ഓർഡർ നല്കുകയാണ് ചെയ്തിട്ടുള്ളത്. ജി.എസ്.ടി കൂടാതെ ചതുരശ്ര അടിക്ക് 2670 രൂപ ചിലവായതായാണ് കമ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. |
| (ഡി) | കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ഉൾപ്പെടെ ജീവനക്കാരെ പി.എസ്.സി.യിൽ നിന്നും നിയമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | പി.എസ്.സി മുഖേനയുള്ള സെലക്ഷനിലൂടെ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ജോലിക്ക് ഹാജരാകാത്തതിനാലും മെച്ചപ്പെട്ട മറ്റ് ജോലികൾ ലഭിക്കുമ്പോൾ കമ്പനിയിലെ ജോലി ഉപേക്ഷിക്കുന്നതിനാലുമാണ് മതിയായ ജീവനക്കാരില്ലാത്തത്. കമ്പനി ഒഴിവുകൾ കൃത്യമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കേരള സെറാമിക്സിൽ ആറ് വർഷമായിട്ടും പുതിയ എം.ഡി.യെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; നിലവിലെ എം.ഡി.യുടെ പേരിൽ വിജിലൻസ് കേസുകൾ ഉണ്ടോ; വിശദമാക്കുമോ? | (ഇ) | കേരള സെറാമിക്സ് ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറുടെ ഒഴിവ് ഉണ്ടായിട്ടില്ല. 29/01/2024 വരെ ദി കേരള സെറാമിക്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവഹിച്ച ശ്രീ. സതീഷ് കുമാർ പി, 2016 ൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെയാണ് നിയമിക്കപ്പെട്ടത്.<br><br>നിലവിൽ ദി കേരള സെറാമിക്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നത് ശ്രീ കെ. പത്മകുമാറാണ്. ടിയാൻ മലബാർ സിമെന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹച്ചിരുന്നതുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ നിലവിലുണ്ട് കേസ് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ